സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം

ഡി.എ.നമ്പർ.525/26/ഇ.1.

ദേവസ്വം അക്കൗണ്ട്സ് ആഫീസ്
തീയതി: 23.07.2026

## സർക്കുലർ

വിഷയം: തിരുവിതാംകൂർ ദേവസ്വം ബോർഡ് സർവ്വീസിൽ നിന്നും വിടുതൽ ചെയ്യേണ്ട ജീവനക്കാരുടെ ഗ്രൂപ്പ് മെഡിക്കൽ ഇൻഷുറൻസ് ഈടാക്കുന്നത് സംബന്ധിച്ച്.

സൂചന:
1. തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ 25.04.2026-ലെ ആർ.ഒ.സി.3429/24/എസ്റ്റ-4 നമ്പർ ഉത്തരവ്
2. ദേവസ്വം കമ്മീഷണർ ആഫീസിലെ 30.04.2026-ലെ ആർ.ഒ.സി.11401/19/എസ്റ്റ-എ/എസ്റ്റ-സി നമ്പർ സർക്കുലർ

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എല്ലാ വിഭാഗം ജീവനക്കാർക്കും ഗ്രൂപ്പ് മെഡിക്കൽ ഇൻഷുറൻസ് നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ മാസവിഹിതമായ 670/-രൂപ ഏപ്രിൽ മാസത്തെ ശമ്പളം മുതൽ പിടുത്തം വരുത്തുവാൻ സൂചന (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

പ്രസ്തുത ഇൻഷുറൻസ് പരിരക്ഷയുടെ കാലാവധി 2026 ഏപ്രിൽ 1 മുതൽ 2027 മാർച്ച് 31 വരെയാണ്. പ്രസ്തുത പരിരക്ഷ നിലനിൽക്കുന്ന കാലയളവിൽ ജീവനക്കാർ വിരമിക്കുന്ന പക്ഷം അവർ ആകെ ഒടുക്കേണ്ട 8040/-രൂപയിൽ പിടുത്തം കഴിച്ചുള്ള തുക അവരുടെ അവസാനമാസ ശമ്പളത്തിൽ നിന്നോ ഗ്രാറ്റുവിറ്റിയിൽ നിന്നോ ഈടാക്കുന്നതിന് സൂചന (2) പ്രകാരം ഉത്തരവായിരുന്നു.

ദേവസ്വം ബോർഡ് ഫണ്ടിൽ നിന്നും ജീവനക്കാരുടെ ഒരു വർഷത്തേയ്ക്കുള്ള ആരോഗ്യ ഇൻഷുറൻസ് പരിരക്ഷയുടെ പ്രീമിയം തുക (ഒരാളിന് 8040/-രൂപ വീതം) ഒന്നായി ഒടുക്ക് വരുത്തി കഴിഞ്ഞിട്ടുള്ളതാണ്.

അതിനാൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് സർവ്വീസിൽ നിന്നും ജീവനക്കാരെ മറ്റ് വകുപ്പുകളിലേക്കോ സ്ഥാപനങ്ങളിലേക്കോ വിടുതൽ ചെയ്യുമ്പോൾ പിടുത്തം വരുത്തിയിട്ടുള്ള ഇൻഷുറൻസ് തുക കഴിച്ച് അവശേഷിക്കുന്ന തുക ഈടാക്കി ദേവസ്വം ഫണ്ടിലേക്ക് ഒടുക്ക് വരുത്തണം.

വിശ്വസ്തതയോടെ,

ദേവസ്വം അക്കൗണ്ട്സ് ആഫീസർ

പകർപ്പ്:

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2. ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
3. സൂപ്രണ്ട് ഓഫ് പോലീസ്, വിജിലൻസ്& സെക്യൂരിറ്റി ആഫീസ്, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
4. ചീഫ് എഞ്ചിനീയർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
5. ലാ ആഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
6. ഫൈനാൻസ് & അക്കൗണ്ട്സ് ആഫീസർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
7. ഫൈനാൻസ് & ഇൻസ്പെക്ഷൻ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
8. ഡയറക്ടർ, സാംസ്കാരിക പുരാവസ്തു വിഭാഗം, തിരുവിതാംകൂർ ദേവസ്വം ബോർഡ്
9. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
10. എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
11. എക്സിക്യൂട്ടീവ് ആഫീസർ, ശബരിമല
12. എല്ലാ ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
13. ഐ.റ്റി വിഭാഗം
14. സെക്ഷൻ ഫയൽ